ആശ്രയിപ്പാനൊരു നാമമുണ്ടെങ്കിൽ അത്
യാഹല്ലാതാരുമില്ല
പ്രശംസിപ്പാൻ വക ഉണ്ടെങ്കിലോ അത്
യേശുവിൻ സന്നിധിയിൽ

മാതാപിതാക്കളും സോദര ബന്ധുക്കൾ
ആരു വെടിഞ്ഞീടിലും
അനാഥനായ് നിന്നെ കൈവിടുകില്ലെന്ന്
അരുളിയോൻ കൂടെയുണ്ട്
ആശ്രയിപ്പാനൊരു....

ഭാരങ്ങളേറുമ്പോൾ കഷ്ടങ്ങളേറുമ്പോൾ
ആവശ്യങ്ങൾ ഏതിലും
സഹായിപ്പാനായി സ്വർല്ലോകനാഥൻറെ
കരങ്ങൾ കുറുകീട്ടില്ല
ആശ്രയിപ്പാനൊരു......

മരുഭൂമിവാസത്തിൽ മന്നായും മാംസവും
എന്നാളും വർഷിപ്പിച്ചോൻ
ശത്രുക്കൾ മുന്നിലായ്
മേശയൊരുക്കുന്നോൻ
ലജ്ജിപ്പിക്കില്ലൊരു നാളും

Aashrayippaanoru naamamundenkil̽ athu

yaahallaathaarumilla

prashamsippaan̽ vaka undenkilo athu

yeshuvin̽ sannidhiyil̽ 2

maathaapithaakkalum sodara bandhukkal̽

aaru vedinjeedilum

anaathanaayu ninne kyvidukillennu

aruliyon̽ koodeyundu 2

aashrayippaanoru....

bhaarangalerumpol̽ kashtangalerumpol̽

aavashyangal̽ ethilum

sahaayippaanaayi svar̽llokanaathan̽te

karangal̽ kurukeettilla 2

aashrayippaanoru……

marubhoomi vaasatthil mannayum maamsavum

ennaalum varshippicchon

shathrukkal munnilaayu  meshayorukkunnon

lajjippikkilloru naalum 2